## മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

ഭരണനിർവ്വഹണം - സർവ്വകലാശാലയിലെ ഭരണഭാഷാ ഏകോപന സമിതിയുടെ 19.12.2017 തീയതിയിലെ യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണവിഭാഗം എ-4 സെക്ഷൻ**

**നം. 584/എ4/1/2018/ഭരണവിഭാഗം** **തീയതി, പി.ഡി.ഹിൽസ്, 27.01.2018**

പരാമർശം: 1. കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പിൽ നിന്നുള്ള 24.08.2017 തീയതിയിലെ 7732/കെ1/2014/ഉ.വി.വ നമ്പർ കത്ത്.

2. 27.10.2017 തിയീതിയിൽ ഭരണഭാഷ ഏകോപനാധികാരിക്ക് നൽകിയ എഡി.എ4/3/262/2008-ാം നമ്പർ കത്ത്.

3. സർവ്വകലാശാലയിലെ ഭരണഭാഷാ ഏകോപന സമിതിയുടെ 19.12.2017 തീയതിയിലെ യോഗത്തിന്റെ മിനിറ്റ്സ്.

## ഉത്തരവ്

കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പിൽ നിന്നും പരാമർശം (1) പ്രകാരം 01.08.2017-ൽ നടന്ന ഔദ്യോഗിക ഭാഷ സംബന്ധിച്ച സംസ്ഥാനതല സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ് അയച്ച് തരികയും ഇതിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത കത്തിലെ നിർദ്ദേശങ്ങൾ പരാമർശം (2)-ൽ സൂചിപ്പിച്ചിട്ടുള്ള കത്ത് മുഖേന ഭരണ ഭാഷാ ഏകോപനാധികാരിയെ അറിയിച്ചിരുന്നു. ആയത് 19.12.2017-ലെ ഭരണഭാഷാ ഏകോപന സമിതി യോഗം പരിഗണിക്കുകയുണ്ടായി.

സർവ്വകലാശാലയിലെ ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിങ് പരിശീലനം ആവശ്യമാണോ എന്നാരായാനും ആവശ്യമെങ്കിൽ അവർക്കായി ഭാഷാ കമ്പ്യൂട്ടിങ് ശില്പശാല സംഘടിപ്പിക്കുവാനും പരാമർശം (3) പ്രകാരം ഭരണഭാഷാ ഏകോപന സമിതി ശിപാർശ ചെയ്തിരുന്നു.

കൂടാതെ, സർവ്വകലാശാലയിലെ ഔദ്യോഗിക രേഖകൾ മലയാളത്തിൽ തയ്യാറാക്കുമ്പോൾ സ്വേച്ഛയാ (സ്വന്തം ഇഷ്ടപ്രകാരമുള്ള) ഭാഷ ഉപയോഗിക്കാതെ സർക്കാരും സർവ്വകലാശാലയും തയ്യാറാക്കിയ ഭരണഭാഷാ ശബ്ദകോശത്തിലെ നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരും പിന്തുടരേണ്ടതാണെന്നും പരാമർശം (3) പ്രകാരം അറിയിച്ചിരുന്നു.

ഭരണ ഭാഷാ ഏകോപനസമിതിയുടെ മേൽ പരാമർശിച്ചിരിക്കുന്ന രണ്ട് ശിപാർശകളും ബഹു. വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
**ശ്രീലത എൻ.**
**അസിസ്റ്റന്റ് രജിസ്ട്രാർ -1 (ഭരണവിഭാഗം)**
**രജിസ്ട്രാർക്കു വേണ്ടി**

പകർപ്പ്:

1. വൈസ് ചാൻസിലർ, പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, സി.ഇ. എന്നിവരുടെ പി.എ.മാർ
3. എ.ആർ.-1/ഡി.ആർ-1/ജെ.ആർ-1 (ഭവി.)
4. ഓഡിറ്റ് 1/എഡി.ബി6/എഡി.ഡി.
5. കെ.എസ്.എ. ഡിപ്പാർട്ട്മെന്റ്
6. ഐ.ക്യു.എ.സി/സി.എം.എസ്./റെക്കോർഡ്സ്
7. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

ഫയൽ നം. എഡി.എ4/3/262/2008(ഉപഫയൽ)